**File No.TCPCTP/86/2020-C2**

മുഖ്യനഗരാസൂത്രകയുടെ നടപടിക്രമം
തിരുവനന്തപുരം

വിഷയം:- നഗര- ഗ്രാമാസൂത്രണ വകുപ്പ്- മുഖ്യ നഗരാസൂത്രകയുടെ കാര്യാലയം - തിരുവനന്തപുരം - സാങ്കേതികവിഭാഗം -പാലക്കാട് ജില്ല പട്ടിത്തറ ഗ്രാമപഞ്ചായത്ത് പട്ടിത്തറ വില്ലേജ് പെട്രോളിയം പമ്പ് കെട്ടിട നിർമ്മാണം - ലേഔട്ട് അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം:- 1. പട്ടിത്തറ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 04/12/2019 ലെ എ 2/6457/19 നമ്പർ കത്ത്.
2. പാലക്കാട് ടൗൺ പ്ലാനറുടെ 09.01.2020 ലെ TCPPKD/1380/2019-C നമ്പർ കത്ത്.

---

കെട്ടിട നിർമ്മാണ അപേക്ഷ വിഭാഗം

ഉത്തരവ്. നം. TCPCTP/86/2020-C2 തീയതി:**29/01/2020**

---

പാലക്കാട് ജില്ലയിലെ പട്ടിത്തറ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പട്ടിത്തറ വില്ലേജിൽ റീ സർവ്വേ നമ്പർ 343/6 - ൽ ഉൾപ്പെട്ട 0.2155 ഹെക്ടർ സ്ഥലത്ത് ആകെ 200.90 ച.മീ. വിസ്തീർണ്ണമുള്ള ( സെയിൽസ് ഓഫീസ് -40.90 ച.മീ. canopy area -160 ച.മീ. ) പെട്രോൾ പമ്പ് നിർമ്മിക്കുന്നതിനുള്ള അംഗീകാരം ലഭ്യമാക്കുവാനായി പരാമർശിത കത്തുകൾ മുഖേന ലഭ്യമാക്കിയ ശ്രീ.അരുൺ കുമാർ മൂത്തത് , ശ്രീ.ബാലൻ മഠത്തിൽ എന്നിവരുടെ അപേക്ഷ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.പി.ബി.ആർ 2011-നും താഴെ പറയുന്ന നിബന്ധനകൾക്കും വിധേയമായി കെട്ടിടങ്ങളുടെ ലേ -ഔട്ടിനും, സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഉത്തരവാകുന്നു.

നിബന്ധനകൾ

1. വിഭാവനം കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടം 2011 നും തുടർന്നുള്ള ഭേദഗതികൾക്കും അനുസൃതം ആയിരിക്കണം.
2. വിഭാവന നിർമ്മാണ സ്ഥലത്തിന്റെ അതിരുകൾ, അളവുകൾ, ഉടമസ്ഥാവകാശം, വിസ്തീർണ്ണം റവന്യൂ വിശദാംശങ്ങൾ എന്നിവ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
3. സമീപ പരിസ്ഥിതിയ്ക്ക് ഹാനികരമല്ലാത്ത രീതിയിൽ ഖര -ദ്രവ മാലിന്യ നിർമ്മാർജ്ജനത്തിനുള്ള സംവിധാനങ്ങളും കേരള പഞ്ചായത്ത് കെട്ടിട നിയമം 2011 ലെ റൂൾ 61(16), 61(17) എന്നിവ പ്രകാരമുള്ള സൗകര്യങ്ങളും മലിനീകരണ നിയന്ത്രണ ബോർഡ് അധികൃതരുടെ അനുമതിക്കു വിധേയമായി സജ്ജീകരിക്കേണ്ടതാണ്.
4. ഫയർ ഫോഴ്സ് അധികൃതരുടെ അനുമതി ലഭ്യമാക്കേണ്ടതാണ്.
5. വിഭാവന നിർമ്മാണ സ്ഥലം കേരള നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമം 2008 നും തുടർന്ന് 2018 ലെ ഭേദഗതികൾക്കും അനുസൃതമായിരിക്കണം
6. നിയമാനുസൃത പാർക്കിംഗ് സംവിധാനം നിജപ്പെടുത്തി രൂപപ്പെടുത്തേണ്ടതാണ്.
7. സാനിട്ടേഷൻ സൗകര്യങ്ങൾ നിയമാനുസൃതം നല്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
8. അംഗപരിമിതർക്കാവശ്യമായ സൗകര്യങ്ങൾ നിയമാനുസൃതം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

9. നിർമ്മാണ സമയത്ത് ആവശ്യമായ സുരക്ഷാ സംവിധാനങ്ങൾ നൽകേണ്ടതാണ്.
10. ഈ നിർമ്മാണത്തിനാവശ്യമായ രേഖകളുടെ ആധികാരികത സെക്രട്ടറി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.
11. മേൽ നിബന്ധനകൾ കൃത്യമായി, പാലിച്ചിട്ടുണ്ടെന്നും ബന്ധപ്പെട്ട അധികൃതരിൽ നിന്ന് അനുമതികൾ ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പുവരുത്തി മാത്രം നിർമ്മാണാനുമതിയും ഒക്യുപൻസിയും നൽകേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനുശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളൂ.

<u>അംഗീകരിച്ച സൈറ്റ് പ്ലാൻ നമ്പർ 18/2020 ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.</u>

ചീഫ് ടൗൺപ്ലാനറുടെ ഉത്തരവിൻ പ്രകാരം

ഉള്ളടക്കം- ഒരു സെറ്റ് പ്ലാൻ

ജയശ്രീ. പി. ആർ.
ടൗൺ പ്ലാനർ

സെക്രട്ടറി,
പട്ടിത്തറ ഗ്രാമപഞ്ചായത്ത്,
തലശ്ശേരി.പി.ഒ, പാലക്കാട് -679534

ടൗൺ പ്ലാനറുടെ കാര്യാലയം, പിൻ-695 033, തിരുവനന്തപുരം

പകർപ്പ്:-1. ശ്രീ.അരുൺ കുമാർ മൂത്തത്, വേണു നിവാസ്, മാള, തൃത്താല.പി.ഒ, പാലക്കാട്.

2. ശ്രീ. ബാലൻ മഠത്തിൽ, മൂത്തത്ത് ഹൗസ്, കൊട്ടച്ചിറ, പാലക്കാട്.

3. ടൗൺ പ്ലാനർ, പാലക്കാട്
4. വെബ് സൈറ്റ്
5. കരുതൽ ഫയൽ
6. അധികം